(സി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിനായി ഒരു ലിസ്റ്റ് കെ.പി.എസ്.സി. തയ്യാറാക്കിവരികയാണ്.

(ഡി) ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് കെ.പി.എസ്.സി. ആണ്.

(ഇ) ഇല്ല. ഈ ലിസ്റ്റ് നിയമനം നടത്തുന്നതിലേയ്ക്കായി കെ.പി.എസ്.സി. കെ.എസ്.ആർ.ടി.സി.-യ്ക്ക് അയച്ചുതന്നിട്ടില്ല. ലിസ്റ്റ് അയച്ചുതന്നാൽ നിയമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സ്വകാര്യ ബസ്സുടമകൾ നൽകിയ പണിമുടക്ക് നോട്ടീസ്

124 [1263] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സ്വകാര്യ ബസ്സുടമകൾ പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നുവോ;

(ബി) മന്ത്രിയുമായുള്ള ചർച്ചയെത്തുടർന്ന് പണിമുടക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചപ്പോൾ എന്തെല്ലാം ഒത്തുതീർപ്പു വ്യവസ്ഥകളാണ് സർക്കാരും ബസ്സുടമകളും തമ്മിൽ ഉണ്ടാക്കിയത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കേരളത്തിലെ സ്റ്റേജ് കാര്യേജുകളുടെ നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള ഒരു ഫോർമുല തയ്യാറാക്കുന്നതിനുവേണ്ടി നിയമിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ഓട്ടോ, ടാക്സി, ബസ് ചാർജ്ജ് വർദ്ധനവ്

125 [1264] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആട്ടോ, ടാക്സി, ബസ് ചാർജ്ജ് എന്നിവയുടെ വർദ്ധനവ് ഗവൺമെന്റിന്റെ പരിഗണന യിലുണ്ടോ;

(ബി) നിലവിൽ എത്ര ശതമാനം വർദ്ധനവാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) വിദ്യാർത്ഥികളെ പ്രസ്തുത ചാർജ്ജ് വർദ്ധനവിൽനിന്ന് ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി, സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly